## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ടെലഫോൺ ഓപ്പറേറ്റർ - തസ്തിക മാറ്റ നിയമനം - കരട് സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് - ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(അച്ചടി) നം. 203/80/പൊ.ഭ.വ തീയതി. 16/05/1980.
2. സ.ഉ.(അച്ചടി) നം. 54/92/പൊ.ഭ.വ തീയതി. 15/12/1992.
3. 25/05/2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

### ഉത്തരവ് നമ്പർ. ഇ4/1090/2020/മെ.വി.വ തീയതി: 19-10-2023

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ നിലവിലുള്ള ടെലഫോൺ ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകളിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നടത്തുന്നതിനായി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരിൽ നിന്നും പരാമർശം 3 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

ആയതിൻ പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും നഴ്സിംഗ് അസിസ്റ്റന്റ് എന്ന തസ്തിക ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെയും പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരമുള്ള യോഗ്യത (Six months experience in handling PBX System) നേടിയിട്ടില്ലാത്ത ജീവനക്കാരെയും ഒഴിവാക്കി യോഗ്യരായ ജീവനക്കാരുടെ കരട് സീനിയോരിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

| റാങ്ക് നം. | പേര്, തസ്തിക & സ്ഥാപനം | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച തീയതി | നിരീക്ഷണകാലം പൂർത്തീകരിച്ച തീയതി | ജനനതീയതി |
|---|---|---|---|---|
| 1 | മുരളീകൃഷ്ണൻ.എം,<br>ഓഫീസ് അറ്റെൻഡന്റ്, ഗവ. നഴ്സിംഗ് കോളേജ്, ആലപ്പുഴ | 01.01.2015 | 01.01.2016 | 30.05.1987 |
| 2 | ഷൈനി.കെ.രവി,<br>ഫുൾ ടൈം സ്വീപ്പർ,<br>ഗവ.മെഡിക്കൽ കോളേജ്, കൊല്ലം | 01.07.2019 | 01.07.2020 | 28.05.1978 |
| 3 | ബീന.എസ്,<br>ധോബി,<br>ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 13.08.2019 | 13.08.2020 | 30.05.1973 |

അതാത് സ്ഥാപന മേധാവികൾ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സീനിയോരിറ്റി പട്ടികയുടെ പകർപ്പ് പരസ്യപ്പെടുത്തേണ്ടതും ആയതു ബന്ധപ്പെട്ട ജീവനക്കാർക്ക് സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്. കരട് സീനിയോരിറ്റി പട്ടിക സംബന്ധിച്ച് എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ അപ്പീലുകൾ **01.11.2023** തീയതിക്ക് മുൻപായി അതാത് സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതും സ്ഥാപന മേധാവി അതിന്മേലുള്ള വ്യക്തമായ അഭിപ്രായം സഹിതം **15.11.2023** തീയതിക്ക് മുൻപായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. യഥാസമയം അപ്പീലുകൾ സമർപ്പിക്കാതെ പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന

പരാതികൾ/ആക്ഷേപങ്ങൾ പിന്നീട് യാതൊരുവിധ കാരണവശാലും പരിഗണിക്കുന്നതല്ല. കരട് സീനിയോരിറ്റി പട്ടിക www.dme.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

Signed by
Thomas Mathew
Date: 19-10-2023 08:08:15

THOMAS MATHEW
DIRECTOR

പകർപ്പ്:

1. പ്രിൻസിപ്പൽ,
   ഗവ. മെഡിക്കൽ കോളേജ്/ദന്തൽ കോളേജ്/നഴ്സിംഗ് കോളേജ്,
   തിരുവനന്തപുരം, കൊല്ലം, കോന്നി, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, വയനാട്, കോഴിക്കോട്, കാസർഗോഡ്.
2. ഡയറക്ടർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, തിരുവനന്തപുരം.
3. ഡി.എം.ഇ വെബ്സൈറ്റ്/ഓഫീസ് കോപ്പി/കരുതൽ/നോട്ടീസ് ബോർഡ്, ഡി.എം.ഇ